"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി 27.02.2023

# "പബ്ലിക് ഹെൽത്ത് സെന്ററിലെ യു.ഡി ക്ലർക്കിനെ വിജിലൻസ് കോടതി ഒരു വർഷം കഠിനതടവിനും പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

2006 ലും, 2008 ലും മലപ്പുറം ജില്ലയിലെ, വെട്ടത്തൂർ പ്രൈമറി ഹെൽത്ത് സെന്ററിലെ_യു.ഡി ക്ലാർക്ക് ആയിരുന്ന പി.എസ്.ഗിരിവാസൻ ആകെ 1,32,800/- രൂപ വെട്ടിപ്പ് നടത്തിയതിലേക്ക് മലപ്പുറം വിജിലൻസ് യുണിറ്റ് റെജിസ്റ്റർ ചെയ്ത രണ്ട് കേസുകളിൽ കുറ്റക്കാരൻ ആണെന്ന് കണ്ടെത്തി കോഴിക്കോട് വിജിലൻസ് കോടതി ഒരു വർഷം വീതം കഠിന തടവിനും, 10,000/- രൂപ (പതിനായിരം രൂപ) വീതം പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു. പിഴ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധി ന്യായത്തിൽ പറയുന്നു.

2006 ൽ വെട്ടത്തൂർ പ്രൈമറി ഹെൽത്ത് സെന്ററിൽ ജോലി നോക്കി വരവെ അറ്റകുറ്റ പണികൾക്കായി പഞ്ചായത്ത് അനുവദിച്ച 39,900/-രൂപ പെരിന്തൽമണ്ണ അർബൻ കോ- ഓപ്പറേറ്റിവ് ബാങ്കിൻറെ മേലാറ്റൂർശാഖയിൽ ഒടുക്കുന്നതിന് മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടത് സ്വന്തം ബാങ്ക് അക്കൗണ്ടിലേക്ക് അടച്ച് വെട്ടിപ്പ് നടത്തിയതിലേക്കും, 2008 ൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്മാർക്കുള്ള നാഷണൽ റൂറൽ ഹെൽത്ത് മിഷൻറെ ഫണ്ടിൽ നിന്നും സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ വെട്ടത്തൂർ ശാഖ മുഖേന 92,900/-രൂപ മാറി എടുത്തതിലേക്കുമാണ് വിജിലൻസ് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിരുന്നത്.

മലപ്പുറം വിജിലൻസ് യുണിറ്റ് മുൻ ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. അബ്ദുൽ ഹമീദ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച കേസിലാണ് കോടതി ഇന്ന് (27.02.2023) ശിക്ഷ വിധിച്ചത്. വിജിലൻസിനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശൈലജൻ ഹാജരായിരുന്നു.